കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഗ്രാമ വികസന വകുപ്പിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീ.പി.ജെ.ആന്റണി ഫയൽ ചെയ്ത ഒ.എ. നം. 2356/2018 കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 05.12.2018-ലെ ഉത്തരവ് നടപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.875/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 22.04.2019.**

പരാമർശം:
1) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 25.09.2014-ലെ 1479/Adv.C2/2014/P&ARD നമ്പർ സർക്കുലർ.
2) സ.ഉ.(സാധാ) നം.1259/2015/തസ്വഭവ തീയതി, 28/04/2015.
3) 19.11.2018-ൽ ശ്രീ.പി.ജെ.ആന്റണി സമർപ്പിച്ച അപേക്ഷ (ഒ.എ. നം. 2356/2018 കേസിലെ എ-15)
4) ശ്രീ.പി.ജെ.ആന്റണി ഫയൽ ചെയ്ത ഒ.എ. നം. 2356/2018 കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 05.12.2018-ലെ ഉത്തരവ്
5) 14.11.2019-ലെ ഗ്രാമ വികസന കമ്മീഷണറുടെ 6571/എസ്റ്റാ.എ1/2018/സിആർഡി നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

ഗ്രാമ വികസന വകുപ്പിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീ.പി.ജെ.ആന്റണി ഫയൽ ചെയ്ത ഒ.എ. നം. 2356/2018 കേസ്, 05.12.2018-ലെ ഉത്തരവ് പ്രകാരം ശ്രീ.പി.ജെ.ആന്റണി 19.11.2018-ൽ സമർപ്പിച്ച എ-15 നിവേദനം പരിഗണിച്ച് മൂന്ന് മാസത്തിനുള്ളിൽ ഉചിതമായ തീരുമാനം, അപേക്ഷകനെയും. ബന്ധപ്പെട്ടവരെയും നേരിൽ കേട്ടതിന് ശേഷം, കൈക്കൊള്ളുവാൻ നിർദ്ദേശിച്ചുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ തീർപ്പാക്കിയിരുന്നു.

2. 19.11.2018-ൽ ശ്രീ.പി.ജെ.ആന്റണി സമർപ്പിച്ച നിവേദനത്തിൽ ടിയാൾ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയി 1993-ലാണ് സർവ്വീസിൽ പ്രവേശിച്ചതെന്നും, ശ്രീമതി എൻ.വിനോദിനിയും ശ്രീമതി കെ.വനജകുമാരിയും യഥാക്രമം 1995-ലും 2002-ലും ആണ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയി സർവ്വീസിൽ പ്രവേശിച്ചതെന്നും ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ ആകുന്നതുവരെ മേൽ പറഞ്ഞ രണ്ടുപേരുടെയും സീനിയറായിരുന്നു ടിയാൾ എന്നും അറിയിച്ചിട്ടുണ്ട്. ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ താമസം നേരിട്ടതിനാൽ മേൽപ്പറഞ്ഞ രണ്ടു പേർക്കും ടിയാളെ മറികടന്ന് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ ആയി പ്രൊമോഷൻ നൽകിയെന്നും, അഡ്ഹോക്ക് ഡി.പി.സി. കൂടാൻ നിവേദനം സമർപ്പിച്ചിട്ടും അഡ്ഹോക്ക് ഡി.പി.സി.കൂടിയില്ലെന്നും പിന്നീട് 17/09/2015-ലെ സെലക്ട് ലിസ്റ്റ് റിവ്യൂ ചെയ്യുന്നതിനായി കൂടിയ 09/10/2018-ലെ അഡ്ഹോക്ക് ഡി.പി.സി., 06/02/2016-ൽ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ കേഡറിൽ പ്രൊമോഷൻ നൽകണമെന്ന തന്റെ ആവശ്യം നിരാകരിക്കുകയാണ് ഉണ്ടായതെന്നും നിവേദനത്തിൽ അറിയിക്കുന്നു. ഇക്കാര്യത്തിൽ ഡി.പി.സി.-യുടെ കണ്ടെത്തൽ താഴെപറയും പ്രകാരമാണ്.

"It has been reported that the disciplinary action initiated against Sri.P.J.Antony has been finalized by imposing a minor penalty of barring one increment without cumulative effect for a period of one year vide G.O (Rt) No.1259/2015/LSGD, dated 28/04/2015. Thus, the punishment imposed, though minor, extends

upto 27/04/2016 and the officer has not been fully exonerated from the charges levelled against him. Moreover, as per Note (ii) under Rule 28 (b) (1) (7) of Part II KS&SSRs, "If the officers, against whom departmental proceedings are taken for imposition of a minor penalty and who have been provisionally included in the select list are fully exonerated of the charges, their cases for promotion on the basis of such inclusion in the select list shall be considered. If the Officers are not fully exonerated of the charges, the Departmental Promotion Committee may decide each case on its own merit. It has also been reported that after the completion of the period of punishment, Sri.P.J.Antony has been granted promotion to post of Joint Development Commissioner with effect from 11/08/2016. Hence, DPC decided not to consider the request of Sri.P.J.Antony for retrospective effect for promotion to the cadre of Joint Development Commissioner with effect from 06/02/2016"

3. എന്നാൽ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 25.09.2014-ലെ 1479/Adv.C2/2014/P&ARD നമ്പർ സർക്കുലറിൽ ഇപ്രകാരം ഡി.പി.സി. പ്രൊമോഷൻ നിരാകരിക്കുന്നതിനെതിരെ നിർദ്ദേശം ഉണ്ടെന്നും, ആയതിനാൽ തനിക്ക് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിൽ 06.02.2016 മുതൽ, അതായത് ശ്രീമതി വിനോദിനിക്കും ശ്രീമതി വനജകുമാരിക്കും ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ ആയി സ്ഥാനക്കയറ്റം നൽകിയ തീയതി മുതൽ പ്രൊമോഷൻ നൽകണമെന്നും, തന്റെ നിവേദനം കെഎസ്&എസ്എസ്ആർ 1958 റൂൾ 27 (ബി) പ്രകാരം പരിഗണിക്കണമെന്നും അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിലുള്ള പ്രൊമോഷൻ ഇക്കാര്യത്തിൽ ഉത്തരവുണ്ടാകുന്നതുവരെ നിർത്തി വയ്ക്കണമെന്നും 19.11.2018-ൽ സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

4.. 05.12.2018-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനെയും ബന്ധപ്പെട്ടവരെയും 5/2/2019, 3 മണിയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. നേരിൽകേട്ട വേളയിൽ അപേക്ഷകൻ നിവേദനത്തിലെ ആവശ്യം ആവർത്തിച്ചു.

5. ശ്രീ.പി.ജെ.ആന്റണിക്കെതിരെ നിലവിലുണ്ടായിരുന്ന അച്ചടക്ക നടപടി 28.04.2015-ലെ സ.ഉ.(സാധാ)നം.1259/2015/തസ്വഭവ പ്രകാരം ഒരു വർഷത്തേക്ക് ടിയാളുടെ വേതന വർദ്ധനവ് സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കിയിരുന്നുവെന്നും അച്ചടക്ക നടപടി നിലനിന്നിരുന്നതിനാൽ, ടിയാളുടെ നിരീക്ഷണകാലം പൂർത്തിയാക്കി ഉത്തരവായിരുന്നില്ലായെന്നും, അതിനാൽ, 2015-ലെ ഡി. പി. സി. ടിയാളെ പരിഗണിച്ചിരുന്നില്ലായെന്നും, പിന്നീട് അച്ചടക്ക നടപടി തീർപ്പാക്കി, നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതിന് ശേഷം, ടിയാളുടെ ജൂനിയറായ ശ്രീമതി വിനോദിനിക്ക് സ്ഥാനക്കയറ്റം നൽകിയ ദിവസം മുതൽ ടിയാൾക്കും ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകണമെന്ന് ശ്രീ.പി.ജെ.ആന്റണി ആവശ്യപ്പെട്ടിരുന്നുവെന്നും, 09.10.2018-ൽ കൂടിയ ഡി.പി.സി. വിഷയം പരിഗണിക്കുകയും, ശ്രീ.പി.ജെ.ആന്റണിക്കെതിരെയുള്ള ശിക്ഷാനടപടി 27.04.2016 വരെ നിലവിലുണ്ടായിരുന്നുവെന്നും, അച്ചടക്ക നടപടി തീർപ്പാക്കുമ്പോൾ ടിയാളെ പൂർണ്ണമായും കുറ്റവിമുക്തനാക്കിയിട്ടില്ലായിരുന്നുവെന്ന വസ്തുതയും, ശിക്ഷാനടപടിയുടെ കാലം അവസാനിച്ചമുറയ്ക്ക് ഉണ്ടായ ഒഴിവിൽ ടിയാൾക്ക് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ ആയി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടെന്നതും ചൂണ്ടിക്കാട്ടിക്കൊണ്ട് ടിയാളുടെ മുൻകാല പ്രാബല്യത്തോടെയുള്ള സ്ഥാനക്കയറ്റത്തിനുള്ള അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നുവെന്നും, ഉദ്യോഗസ്ഥന്റെ സ്ഥാനക്കയറ്റത്തിനുള്ള അർഹത പരിശോധിക്കേണ്ടത് ഡി.പി.സി. ആയതിനാൽ, ശ്രീ. പി. ജെ. ആന്റണിയുടെ ആവശ്യം പരിഗണിക്കുവാൻ കഴിയുകയില്ലെന്നും പരാമർശം (5) കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കുലർ പ്രകാരം ഇൻക്രിമെന്റ് തടഞ്ഞു വച്ചുകൊണ്ടുള്ള ശിക്ഷ അനുഭവിക്കുന്ന കാലയളവിൽ സെലക്ഷൻ തസ്തികയിലേയ്ക്കുള്ള പ്രൊമോഷനുള്ള ഉദ്യോഗസ്ഥന്റെ അർഹത നിർണ്ണയിക്കുന്നതിനും, അർഹനെന്നു കാണുന്ന പക്ഷം സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും, അല്ലായെന്നു കാണുന്ന പക്ഷം വിയോജനക്കുറിപ്പോടെ ടിയാനെ

മറികടക്കുന്നതിനും ഡി.പി.സിയ്ക്കാണ് അധികാരമുള്ളത്. 09.09.2015-ൽ ഡി.പി.സി (ഹയർ) കൂടുന്ന സമയത്ത് ടിയാൻ ശിക്ഷ അനുഭവിക്കുക മാത്രമല്ല ടിയാന്റെ പ്രൊബേഷൻ പൂർത്തിയാക്കിയതായി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലായിരുന്നുവെന്നും കാണുന്നു. പ്രൊബേഷൻ പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ച ശേഷം ശ്രീ. പി. ജെ. ആന്റണി നൽകിയ ഹർജി 09.10.2018-ൽ കൂടിയ അഡ്ഹോക്ക് ഡി.പി.സി ടിയാനെതിരെ തീർപ്പാക്കിയ അച്ചടക്ക നടപടികളുടെ വിശദാംശങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കുകയും ടിയാന്റെ വാദം നിരസിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. പി. ജെ. ആന്റണിയുടെ ജൂനിയറിനു സ്ഥാനകയറ്റം നല്കിയ തീയതി പ്രാബല്യത്തിൽ ടിയാൾക്കും സ്ഥാനകയറ്റം നല്കണമെന്ന ടിയാന്റെ ആവശ്യം അഡ്ഹോക്ക് ഡി.പി.സി പരിശോധിച്ച് നിരസിച്ചിട്ടുള്ളതിനാലും, അച്ചടക്ക നടപടിയിൽ ടിയാളെ പൂർണ്ണമായും കുറ്റവിമുക്തനാക്കിയിട്ടില്ല എന്നതിനാലും, 06.02.2016 പ്രാബല്യത്തിൽ പ്രൊമോഷൻ അനുവദിക്കണമെന്ന ടിയാന്റെ അപേക്ഷ പരിഗണനാർഹമല്ല.

7. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ 19.11.2018-ലെ നിവേദനത്തിലെ ശ്രീ. പി. ജെ. ആന്റണിയുടെ ആവശ്യം നിരസിക്കുന്നു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. നം. 2356/2018 കേസിലെ 05.12.2018-ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിലാക്കിക്കൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ശ്രീ. പി. ജെ. ആന്റണി, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ